കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെയും, ചീഫ് സെക്രട്ടറി ചെയർമാനായ സെക്രട്ടറിമാരുടെ കമ്മിറ്റിയുടെയും തീരുമാനങ്ങൾക്ക് അംഗീകാരം കിട്ടുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന്, സമയപരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (ഇ) വകുപ്പ്

സർക്കാർ ഉത്തരവ് (എം. എസ്) നം. 77 /2013/പൊ.മ.വ. തീയതി, തിരുവനന്തപുരം 04.09.2013

---

പരാമർശം : 1. 9.10.2009 ലെ ജി.ഒ.(എം.എസ്) നം. 67/2009/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവ്

2.11.07.2012 ലെ ജി. ഒ. (പി) നം. 396/2012/ഫിൻ നമ്പർ സർക്കാർ ഉത്തരവ്

3. 09.05.2013 ലെ ജി.ഒ. (പി) നം. 214/2013/ഫിൻ നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

സർക്കാരിന്റെ വിവിധ വികസന പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിലേക്കായി, വിവിധ വകുപ്പുകളുടെ ഏകോപനാർത്ഥം ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട ഒന്നാണ്. പരാമർശം (1) ഉത്തരവ് പ്രകാരം 2009 ലാണ് ഈ കമ്മിറ്റി അവസാനമായി പുനസംഘടിപ്പിക്കപ്പെട്ടത്.

2. പരാമർശം (2) ഉത്തരവ് പ്രകാരം 2010 ലെ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 15% ൽ അധികരിക്കുന്ന ടെണ്ടറുകളുടെ സൂക്ഷ്മ പരിശോധനക്കായി ചീഫ് സെക്രട്ടറി ചെയർമാനും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, ജലവിഭവ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറി എന്നിവരടങ്ങുന്ന സെക്രട്ടറിമാരുടെ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഇത്തരം കേസുകൾ സൂക്ഷ്മ പരിശോധന നടത്തി മന്ത്രിസഭയ്ക്ക് മുമ്പാകെ ശുപാർശ ചെയ്യുക എന്നതായിരുന്നു ഈ കമ്മിറ്റിയുടെ ചുമതല.

3. പിന്നീട് പരാമർശം (3) ലെ ഉത്തരവ് പ്രകാരം, വകുപ്പ് തല ഉദ്യോഗസ്ഥർ, ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി, സെക്രട്ടറിമാരുടെ കമ്മിറ്റി എന്നിവയുടെ അധികാര ചുമതലകൾ വർദ്ധിപ്പിച്ച് നല്കുകയും മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം വേണമെന്ന നിബന്ധന മാറ്റി പകരം ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ കാര്യത്തിലെന്ന പോലെ ബന്ധപ്പെട്ട മന്ത്രിയുടെയും ധനകാര്യ മന്ത്രിയുടെയും അംഗീകാരം ലഭ്യമാക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു.

4. എന്നാൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം ടെണ്ടർ അംഗീകാരത്തിനായുള്ള പരിഷ്കരിച്ച രീതി കാലതാമസത്തിനിടയാക്കുന്നുണ്ട്. ടെണ്ടറുകൾ അംഗീകരിച്ച് നല്കുന്നതിനുള്ള കാലതാമസം മൂലം ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ നല്കിയ കരാറുകാർ, പല കേസുകളിലും ഫേം കാലയളവ് കഴിയുന്ന മുറയ്ക്ക് അവരവരുടെ ചുമതലകളിൽ നിന്ന് ഒഴിവായി പോകുന്നതായി കാണുന്നുണ്ട്. ഈ മരാമത്ത് പണികൾ

തുടർന്ന് റീ ടെണ്ടർ ചെയ്യുമ്പോൾ ആദ്യ ടെണ്ടറിൽ വന്നതിനേക്കാൾ വളരെയധികം ഉയർന്ന തുകയ്ക്ക് കരാർ നല്കേണ്ടതായും വരുന്നു. ഇത്തരുണത്തിൽ കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2012 മാർച്ച് 31 ന് അവസാനിച്ച "എക്സ്ട്രാ എക്സ്പെന്റീച്ചർ ഡ്യൂ റ്റു നോൺ ഫൈനലൈസേഷൻ ഓഫ് ടെണ്ടർ വിതിൻ ഫേം പിരീഡ്" എന്ന തലക്കെട്ടുള്ള ആഡിറ്റ് റിപ്പോർട്ടിൽ, ഫേം കാലയളവിൽ നടപടിക്രമം പൂർത്തീകരിച്ച് നല്കുവാൻ വകുപ്പുകൾ വീഴ്ച വരുത്തുന്നതുമൂലം റീ ടെണ്ടറിങ്ങ് മുഖേനയുണ്ടാകുന്ന ഒഴിവാക്കാനാവുന്ന അധിക ചെലവുകളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപ്പറഞ്ഞ കാലതാമസം ഒഴിവാക്കുന്നതിനായി, ചീഫ് സെക്രട്ടറി ചെയർമാനായുള്ള സെക്രട്ടറിമാരുടെ കമ്മിറ്റി അംഗീകരിക്കുന്നതും വിവിധ വകുപ്പുകളുടെ ടെണ്ടർ കമ്മിറ്റി അംഗീകരിക്കുന്നതും ശുപാർശ ചെയ്യുന്നതുമായ പദ്ധതികൾ പരമാവധി 21 ദിവസത്തിനകം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി. ഒ. സൂരജ്

ഗവൺമെന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും

സെക്രട്ടേറിയറ്റിലെ എല്ലാ എഞ്ചിനീയറിംഗ് വകുപ്പുകൾക്കും

ധനകാര്യ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (27.08.2013 ലെ ഇനം നം. 4098 പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ (വെബ്ബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ